S/F

ഭരണഭാഷ– മാതൃഭാഷ

# നഗര ഗ്രാമാസൂത്രണ വകുപ്പ്
# മേഖലാ നഗരാസൂത്രണ കാര്യാലയം, എറണാകുളം

## സീനിയർ ടൗൺ പ്ലാനറുടെ നടപടി ഉത്തരവ്

(ഹാജർ: ശ്രീമതി. ഉഷാകുമാരി പി.ആർ.)

വിഷയം:- കോട്ടപ്പടി ഗ്രാമപഞ്ചായത്ത് – ഓഡിറ്റോറിയം നിർമ്മാണം – ലേ-ഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1.വികാർ, റവ.ഫാ.മാത്യു തോട്ടത്തിമ്യാലിൽ, സെന്റ്.സെബാസ്റ്റ്യൻസ് ചർച്ച്, കോട്ടപ്പടി – യുടെ 19/02/19 ലെ അപേക്ഷ.
2.കെ.പി.ബി.ആർ. 2011.

---

**ഉത്തരവ് നമ്പർ C/554/19 ഡി.ഡിസ്. തീയതി: 22/04/19**

---

കോതമംഗലം താലൂക്ക്, കോട്ടപ്പടി ഗ്രാമപഞ്ചായത്ത്, കോട്ടപ്പടി വില്ലേജ്, റീ-സർവ്വെ നമ്പർ 217/7, 217/2എ, 217/2ഇ, 217/2സി/2, 217/2എ/26, 216/4/6, 216/4/6/2, 217/3എ/3 എന്നിവയിൽപ്പെട്ട 151.17 ആർ സ്ഥലത്ത് 'ഡി' ഗ്രൂപ്പിൽപ്പെട്ട ഓഡിറ്റോറിയം 993.65 ച.മീ. വിസ്തീർണ്ണത്തിൽ നിർമ്മിക്കുന്നതിന് സീനിയർ ടൗൺ പ്ലാനറുടെ ലേ-ഔട്ട് അംഗീകാരത്തിനായി വികാർ, റവ.ഫാ.മാത്യു തോട്ടത്തിമ്യാലിൽ, സെന്റ്.സെബാസ്റ്റ്യൻസ് ചർച്ച്, കോട്ടപ്പടി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത അപേക്ഷയും അനുബന്ധങ്ങളും പരിശോധിച്ചതിൻ പ്രകാരം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത നിർമ്മാണത്തിന് കെ.പി.ബി.ആർ. ചട്ടം 57(1) പ്രകാരം ലേ-ഔട്ട് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ.**

1. കെ.പി.ബി.ആർ.-2011 ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. നിർദ്ദിഷ്ട നിർമ്മാണം ഉദ്ദേശിക്കുന്ന സ്ഥലത്ത് പുറമ്പോക്ക് ഉൾപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
2. നിർദ്ദിഷ്ട നിർമ്മാണം കെ.പി.ബി.ആർ.-2011 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും പൂർണ്ണമായും വിധേയമാണെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
3. ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി. ലഭ്യമാക്കിയിരിക്കണം.
4. എർത്ത് കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. നേടിയിരിക്കണം.

5. a)ഖര ദ്രവ മാലിന്യസംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും പരിസര മലിനീകരണം ഉണ്ടാകുന്നില്ലെന്നും സെക്രട്ടറി ഉറപ്പുവരുത്തണം.
b)ആവശ്യമായ സാനിറ്ററി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും, കെ.പി.ബി.ആർ.2011 ചട്ടം 59(14) പ്രകാരം Liquid waste Management Treatment Plant ഉം, ടി കെട്ടിടത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന Waste water, recycle ചെയ്ത് reuse ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ചട്ടം 59(15) പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി ഉറപ്പു വരുത്തണം.
6. പാർക്കിംഗ് (കാർ & ടൂ-വീലർ) ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും ആയത് വാഹനങ്ങൾ സുഗമമായി തിരിക്കുന്നതിനുള്ള സൗകര്യത്തോട് കൂടിയതാണ് എന്നും പാർക്കിംഗിനുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.
7. Artificial Lighting & ventilation ഏർപ്പെടുത്തേണ്ടതാണ്.
8. നിർദ്ദിഷ്ട സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക്/ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2008 ലെ കേരള നെൽവയൽ തണ്ണീർത്തടനിയമം, അനുബന്ധ ഗവൺമെന്റ് സർക്കുലറുകൾ, KLU order 1967, 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് എന്നിവ ബാധകമാകുന്ന പക്ഷം ആയവയ്ക്ക് അനുസൃതമാണെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
9. പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് യാതൊരുവിധ പ്രവർത്തനങ്ങളും wetland ആയി രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് നടത്തുന്നില്ലായെന്നും 1 മീറ്റർ വീതിയിലുള്ള തോടിന്റെ നീരൊഴുക്കിനെ ടി നിർമ്മാണം യാതൊരുവിധത്തിലും ബാധിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ അംഗീകാരം കെട്ടിട നിർമ്മാണം/ ഭൂവികസന പ്രവർത്തനം എന്നിവ ക്രമവൽക്കരിച്ചു നൽകുന്നതിനുള്ള അനുമതിയല്ല. കെ.പി.ബി.ആർ.2011 പ്രകാരം സെക്രട്ടറി ബന്ധപ്പെട്ട അപേക്ഷയിന്മേൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ നിരാക്ഷേപ പത്രമോ, ക്ലിയറൻസോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിന് ശേഷം മാത്രമേ അപേക്ഷ ക്രമവൽക്കരിക്കുന്നതിനായി പരിഗണിക്കാവൂ.

അംഗീകരിച്ച ലേ ഔട്ട് നമ്പർ: 16/19

ഉഷാകുമാരി പി.ആർ.
**സീനിയർ ടൗൺ പ്ലാനർ.**

സ്വീകർത്താവ്
വികാർ, റവ.ഫാ.മാത്യു തോട്ടത്തിമ്യാലിൽ,
സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്,
കോട്ടപ്പടി.
(സാക്ഷ്യപ്പെടുത്തിയ പ്ലാൻ സഹിതം)

പകർപ്പ്:
1) സെക്രട്ടറി, കോട്ടപ്പടി ഗ്രാമപഞ്ചായത്ത്.
2) സ്റ്റോക്ക് ഫയൽ
3) ഓഫീസ് കോപ്പി